# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3444**

**12.12.2014 - ൽ**
**മറുപടിക്ക്**

## കൃഷി ഫാമുകൾ

**ചോദ്യം**
**ശ്രീ.വി.ശശി**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** കൃഷി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര കൃഷി ഫാമുകൾ പ്രവർത്തിക്കുന്നു; അവയുടെ പേര് വിവരം വെളിപ്പെടുത്തുമോ; | **എ)** അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| **ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ ഫാമിനും എത്ര രൂപ വീതം നൽകി; | **ബി)** അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു. |
| **സി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ ഫാമും പ്രതിവർഷം എത്ര രൂപ നഷ്ടത്തിലാണ്; | **സി)** അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു. |
| **ഡി)** ഏതെല്ലാം ഫാമിലെ ഭൂമി പാട്ടത്തിന് അല്ലെങ്കിൽ കരാർ കൃഷിയ്ക്ക് നൽകിയിട്ടുണ്ട്; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | **ഡി)** <u>തിരുവനന്തപുരം</u><br>**കോക്കനട്ട് നഴ്സറി വലിയതുറ** – 39 സെന്റ് സ്ഥലം സർക്കാർ ഉത്തരവ് ജി.ഒ.(Ms)നം.214/14/RD തീയതി 23/09/2014 പ്രകാരം തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിക്ക് പാട്ടത്തിന് നല്കിയിട്ടുണ്ട്.<br><u>ആലപ്പുഴ</u><br>**മാവേലിക്കര ഫാം** - മാവേലിക്കര ജില്ലാകൃഷിത്തോട്ടത്തിന്റെ 1.2 ഹെക്ടർ സ്ഥലം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഹോർട്ടി കോർപ്പിന് പാട്ട വ്യവസ്ഥയിൽ വിട്ട് നല്കിയി ട്ടുണ്ട്. വീയപുരം, അറുന്നൂറ്റിമംഗലം സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങളിലെ ഭൂമി പാട്ടത്തിനോ കരാർ കൃഷിക്കോ നൽകിയിട്ടില്ല.<br><u>കോട്ടയം</u><br>**ജില്ലാ കൃഷിത്തോട്ടം വാലാച്ചിറ** – കരാർ / പാട്ടകൃഷിക്ക് ഭൂമി നൽകിയിട്ടില്ല എന്നാൽ ഫാമിൽ നിന്നും 30 ഏക്കർ ഭൂമി സയൻസ് & ടെക്നോളജി വകുപ്പിന് കൈമാറി.<br><u>ഇടുക്കി</u><br>**ജില്ലാ കൃഷിത്തോട്ടം അരീക്കുഴ** – സ.ഉ.(കൈ)നമ്പർ 488/13/റവന്യൂ വകുപ്പ്, തിരുവനന്തപുരം തീയതി 01/11/2013 ഉത്തരവ് പ്രകാരം ജില്ലാ കൃഷിത്തോട്ടം അരീക്കുഴ ഫാമിന്റെ 10 ഏക്കർ സ്ഥലം കേരള ഫീഡ്സ് ലിമിറ്റഡിന് കാലിത്തീറ്റ ഫാക്ടറി പണിയുന്നതിനായി വിട്ടുകൊടുത്തിട്ടുണ്ട്.<br><u>എറണാകുളം</u><br>**ജില്ലാ കൃഷിത്തോട്ടം നേര്യമംഗലം** - നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ 20 ഹെക്ടർ ഭൂമി നാളീകേര വികസന ബോർഡിന് പാട്ടത്തിന് നല്കിയിട്ടുണ്ട്.<br><u>പാലക്കാട്</u><br>**സ്റ്റേറ്റ് സീഡ് ഫാം മുതലമട** – ഇവിടെ നിന്നും 1.6 ഹെക്ടർ ഭൂമി കേരള ഫീഡ്സ് ലിമിറ്റഡിന് നല്കിയിട്ടുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**സെക്ഷൻ ഓഫീസർ**